**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 100 — 07.08.2017 ൽ മറുപടിയ്ക്ക്

**എം.വിൻസെന്റ് എം.എൽ.എ യുടെ പരാതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) തന്നെ ലൈംഗിക പീഡനക്കേസ്സിൽ- പ്പെടുത്തുന്നതായി പരാതിപ്പെട്ടുകൊണ്ട് എം.വിൻസെന്റ് എം.എൽ.എ. യുടെ പരാതി എന്നാണ് ഡി.ജി.പി. ക്ക് ലഭിച്ചത്; | (എ) 20.07.2017-ലാണ് ലഭിച്ചത്. |
| (ബി) പരാതി അന്വേഷണത്തിന് കൈമാറിയത് എന്നാണെന്നും ഈ പരാതിയിൽ അന്വേഷണം നടത്തുന്നത് ആരാണെന്നും വെളിപ്പെടുത്തുമോ; | (ബി) പ്രസ്തുത പരാതി 21.07.2017-ൽ ദക്ഷിണമേഖല അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന് മേൽ നടപടികൾക്കായി കൈമാറിയിട്ടുള്ളതും ആയത് അന്വേഷണത്തിനായി നെയ്യാറ്റിൻകര ഡി.വൈ.എസ്.പിക്ക് നൽകിയിട്ടുള്ളതുമാണ്. |
| (സി) എം.എൽ.എ. ക്ക് എതിരെ വീട്ടമ്മ നൽകിയ പരാതിയുടെ അന്വേഷണത്തിന് ആരെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്; | (സി) പ്രസ്തുത പരാതി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ, ശ്രീമതി.അജിതാ ബീഗം ഐ.പി.എസ്.- ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ഡി) അന്വേഷണ ഉദ്യോഗസ്ഥ അജിതാ ബീഗം ഐ.പി.എസ്. നേരിട്ട് എം.എൽ.എ യുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്; | (ഡി) മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) ഏതെല്ലാം വകുപ്പനുസരിച്ചാണ് എം.വിൻസെന്റ് എം.എൽ.എ.ക്കെതിരെ കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം നം.940/17 u/s 294(b), 506(i), 306, 450, 451, 376(2) (n), 354(A) (i) (ii) (iii) (iv), 354(D) IPC, Sec 120(o) of KP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**